## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.11 04.02.2013 ന് മറുപടിയ്ക്ക്.

## പരിസ്ഥിതി ലോല മേഖലകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്.സുനിൽകമാർ.<br>ശ്രീ.കെ.അജിത്.<br>ശ്രീ.കെ.രാജു.<br>ശ്രീ.മുല്ലക്കര രത്നാകരൻ. | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
| (എ) വന്യമൃഗസങ്കേതങ്ങൾക്കു ചുറ്റും പരിസ്ഥിതി ലോല മേഖലകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ)വന്യമൃഗസങ്കേതങ്ങൾക്കു ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ കൈക്കൊണ്ട നടപടികൾ താഴെ പറയുന്നവയാണ്.<br>• ഈ വിഷയത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രാദേശിക തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.<br>• കൂടാതെ 03.01.2013-ൽ സംസ്ഥാന വന്യജീവി ബോർഡ്, പാരിസ്ഥിതിക സംവേദക മേഖലകൾ സംബന്ധിച്ച് ജനപ്രതിനിധികളുമായി പ്രാദേശികതലത്തിൽ ആശയ വിനിമയം നടത്തി സമവായം രൂപീകരിക്കുവാൻ എം.എൽ.എ-മാരുടെ നേതൃത്വത്തിൽ മൂന്നു ഉപസമിതികൾ രൂപീകരിച്ചു.<br>• 17.01.2013-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗത്തിൽ പാരിസ്ഥിതിക സംവേദക മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വിവിധ വകുപ്പുകൾക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഫെബ്രുവരി 15-ന് മുമ്പായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>• ഇക്കാര്യത്തിൽ നിയോഗിച്ച കമ്മിറ്റികൾ സംയുക്തമായി കൈക്കൊള്ളുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി കണക്കിലെടുത്ത് ഒരു അന്തിമ ശുപാർശ കേന്ദ്ര |

| | |
|---|---|
| | വനം പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) പരിസ്ഥിതി ലോല മേഖലകളായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്ക് നിയന്ത്രണവും നിരോധനവും ഏർപ്പെടുത്തേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ; | (ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (സി) വനം വകുപ്പ് ഏകപക്ഷീയമായി തീരുമാനങ്ങളെടുത്ത് അടിച്ചേല്പിക്കാനുള്ള നീക്കം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സമവായം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരുമാനങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ഒരു ശ്രമവും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ആശയ സമവായത്തിലൂടെയുള്ള അഭിപ്രായ രൂപീകരണത്തിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ.